**Mr. A. Madhava Prabhu** *(Diwan Peishkar)*: (*a*) Yes.

(*b*) No.

(*c*) Some of the encroachments have been got removed by the parties. In the case of others action under the Land Conservancy Act has been taken.

## ELANGUNNAPUZHA DEPRESSED CLASS COLONY—EVICTIONS OF RESIDENTS

**110.** മിസ്റ്റർ പി. കെ. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) എളങ്കുന്നപ്പുഴ കോളനിയിൽ താമസമുണ്ടായിരുന്ന ര അധഃകൃത വേനങ്ങൾ പോലീസോട്ടുകൂടിവന്ന് പൊളിച്ചുകളയുന്നതിന് ഫ ഫ ഉ മകരത്തിനുശേഷം വില്ലേജുകാർക്ക് കല്പന കൊടുത്തിട്ടുണ്ടോ;

(ബി) ഫ ഫ ഉ -ൽതന്നെ താമസമുള്ള അധഃകൃതവേനങ്ങൾ പ്രസ്തുത സ്ഥലത്തുനിന്നും പൊളിച്ചുകളയരുതെന്നും വില്ലേജുകാർക്ക് അറിവുകൊടുത്തിട്ടുണ്ടോ?

മിസ്റ്റർ എ. മാധവപ്രഭു:

(എ) ഇല്ല.

(ബി) ഇല്ല.

മിസ്റ്റർ പി. കെ. കൃഷ്ണൻ: എളങ്കുന്നപ്പുഴ കോളനിയിൽ അധഃകൃത വേനങ്ങൾ വില്ലേജുകാർ പൊളിച്ചുകളഞ്ഞുവെന്നു വല്ല ആക്ഷേപവും ഗവൺമെണ്ടിനു കിട്ടിട്ടുണ്ടോ?

മിസ്റ്റർ എ. മാധവപ്രഭു: അങ്ങിനെ സംഭവം ഉണ്ടായിട്ടില്ല.

## SCHOOLS HANDED OVER TO PRIVATE MANAGEMENT IN 1112 to 1115—CONDITIONS REGARDING

**111.** മിസ്റ്റർ കെ. എസ്സ് പണിക്കർ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ഗവൺമെണ്ട് ദയവായി മറുപടി പറയുമോ.—

(*a*) ഫ ഫ ഛ, ഫ ഫ ഝ, ഫ ഫ ഞ, ഫ ഫ ട ഈ സംവത്സരങ്ങളിൽ ഗവൺമെണ്ടിൽനിന്നും പ്രൈവറ്റ് മാനേജ്മെൻറിലേക്കു വിട്ടുകൊടുത്തിട്ടുള്ള സ്കൂളുകൾ ഏതെല്ലാം;

(*b*) ഓരോ സ്കൂളും ആർക്കൊക്കെയാണു വിട്ടുകൊടുത്തിട്ടുള്ളത്;

(*c*) ഏതെങ്കിലും പ്രത്യേക വ്യവസ്ഥയിന്മേലും നിബന്ധനയിന്മേലും ആണോ ഈ സ്കൂളുകൾ വിട്ടുകൊടുത്തിട്ടുള്ളത്;

(*d*) അതെയെങ്കിൽ ഏതെല്ലാം വ്യവസ്ഥകളിന്മേലും നിബന്ധനകളിന്മേലും ആണെന്നു പറയാമോ;

(*e*) ഓരോ സ്കൂളും വിട്ടുകൊടുക്കുന്ന കാലത്തു് ഓരോന്നിലും എത്ര അദ്ധ്യാപകന്മാർ വീതം ഉണ്ടായിരുന്നു?

LIBRARY ARCHIVES Kerala Legislative Assembly

റാവു സാഹിബ് ഐ. എൻ. മേനോൻ:

(a) ൧൯൫൨-ലും ൧൯൫൩-ലും ഒന്നും വിട്ടുകൊടുത്തിട്ടില്ല. ൧൯൫൩-ൽ മലയാളംസ്കൂൾ മാപ്രാണവും ൧൯൫൪-ൽ മലയാളംസ്കൂൾ കിഴുത്താണിയും മലയാളംസ്കൂൾ മുക്കാട്ടുകരയും വിട്ടുകൊടുത്തിട്ടുണ്ട്.

(b) മാപ്രാണംസ്കൂൾ റവ. ഫാദർ അഗ്രായും പുളിക്കനും കിഴുത്താണിസ്കൂൾ കിഴുത്താണി നായർസമാജത്തിനും മുക്കാട്ടുകരസ്കൂൾ റവ. ഫാദർ വാഴപ്പിള്ളിക്കും വിട്ടുകൊടുത്തു.

(c) & (d) ഒരു പ്രത്യേക വ്യവസ്ഥയിന്മേലും അല്ല.

(e) മാപ്രാണം സ്കൂളിൽ പന്ത്രണ്ടും കിഴുത്താണി സ്കൂളിൽ പതിനൊന്നും മുക്കാട്ടുകരസ്കൂളിൽ പത്തും അദ്ധ്യാപകന്മാരുണ്ടായിരുന്നു.

**Mr. K. S. Panicker** *(Ezhuvas-Mukundapuram)*: Are all these teachers absorbed in the Department ?

**Rao Sahib I. N. Menon** *( Drector of Public Instruction)*: Yes

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ വിധത്തിൽ വന്നാൽ സ്റ്റാഫ് സെലക്ഷൻബോർഡിൽ ഉണ്ടാകേണ്ടിയിരുന്ന ഒഴിവുകളിൽ ഒഴിഞ്ഞുകിടക്കുന്ന മാവൊക്കെ നഷ്ടപ്പെടുമെന്നു ഗവൺമെണ്ടു് മനസ്സിലാക്കീട്ടുണ്ടോ? സ്ഥിരം വേക്കൻസികളും ഇതുകൊണ്ടു ഗവൺമെണ്ടു സർവ്വീസിൽ കൊണ്ടുപോയില്ലെ?

റാവുസാഹിബ് ഐ. എൻ. മേനോൻ: ഓഫീയിൽ വരാൻ പോകുന്ന വേക്കൻസികളും കൂടെയെന്നേയുള്ളു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ സ്ഥിര ഉദ്യോഗസ്ഥന്മാർ ഗവൺമെണ്ടു സർവ്വീസ്സിൽ ലയിച്ചില്ലെങ്കിൽ ഗവൺമെണ്ടു സർവ്വീസിൽ സ്ഥിര വേക്കൻസികളും കൂടി ഉണ്ടാകേണ്ടതല്ലെ?

റാവുസാഹിബ് ഐ. എൻ. മേനോൻ: വേറെ ഒഴിവിലേക്കു് ഇവരെ നിയമിച്ചു. ഇവരെ നിയമിച്ചിരുന്നില്ലെങ്കിൽ പുതിയതായി വേറെ ചിലരെ നിയമിക്കാമായിരുന്നു.

മിസ്റ്റർ പി. ഭാസ്കരമേനോൻ: ഇങ്ങിനെ വന്നാൽ എല്ലാ സമുദായങ്ങൾക്കും സ്റ്റാഫ് സെലക്ഷൻബോർഡിലുള്ള പ്രാതിനിദ്ധ്യത്തിനു കുറവു വരികയില്ലെ?

റാവുസാഹിബ് ഐ. എൻ. മേനോൻ: ഉവ്വു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ സ്ഥിര ഇളകും ഏതെല്ലാം സമുദായത്തിൽ പെട്ടവരാണെന്നു പറയാമോ?

റാവുസാഹിബ് ഐ. എൻ. മേനോൻ: നോട്ടീസു വേണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇവരിൽ ഈഴവർ ആരെങ്കിലുമുണ്ടോ?

**Rao Sahib I. N. Menon** *(Director of Public Instruction)*: I am sure there must be at least one, because I remember his name.

LIBRARY ARCHIVES Kerala Legislative Assembly